(ബി) ഉണ്ട്.

(സി) പാലം പണിയേണ്ടത് പഞ്ചായത്ത് റോഡിലാണ്. അതുകൊണ്ട് ഉടനെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് പ്രയാസമുണ്ട്.

വലഞ്ചുഴി ക്ഷേത്രക്കടവിൽ ഒരു നടപ്പാലം

1164 [2110] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വലഞ്ചുഴി ക്ഷേത്രക്കടവിൽ ഒരു നടപ്പാലം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതിനെപ്പറ്റി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വലഞ്ചുഴി ക്ഷേത്രക്കടവിൽ ഒരു നടപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്താൻ ആർ ആൻറ് ബി സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

കുമ്പളങ്ങി–പെരുമ്പടപ്പ് പാലം

1165 [2111] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി–പെരുമ്പടപ്പ് പാലത്തിന്റെ പണി ഇനിയും ആരംഭിക്കാതിരിക്കുന്നതിന് കാരണമെന്ത്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ ജോലി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(സി) ഇതിന്റെ പണി സഹകരണ കോൺട്രാക്ടറെ ഏൽപ്പിക്കാൻ ആലോചനയുണ്ടോ;

(ഡി) ഈ പാലം പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനാണ് തീരുമാനം.

(സി) ഇല്ല.

(ഡി) ഈ പാലത്തിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly